പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4712** **05/02/2014**-ൽ മറുപടിക്ക്

കുറ്റ്യാടി പഴയ സബ് രജിസ്ട്രാർ കെട്ടിടം - സംരക്ഷിത സ്മാരകം.

ചോദ്യം | ഉത്തരം

ശ്രീമതി. കെ.കെ.ലതിക : ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംരക്ഷിത സ്മാരകമാക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന് എന്തെല്ലാം സംരക്ഷണ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം 20/3/2013 ലാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളത്. സ്മാരകത്തിനാവശ്യമായ സ്ട്രക്ച്ചറൽ, കെമിക്കൽ കൺസർവേഷൻ പ്രവർത്തികൾ അടുത്ത സാമ്പത്തിക വർഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ? | (ബി) | 2 മുറികളുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂരയിലെ ഓടുകളും പൂ ഓടുകളും നഷ്ടപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ ചുമരുകൾക്കോ വാതിലുകൾക്കോ ജനലുകൾക്കോ കേടുപാടുകൾ സംഭവിച്ചിട്ടില്ല. എന്നാൽ കൂരയിലെ ഏതാനും കഴക്കോലുകൾ ദ്രവിച്ചിട്ടുണ്ട്. മറ്റു മരങ്ങൾക്കു കേടുപാടുകൾ ഇല്ല. തറയിൽ ഇഷ്ടിക പാകിയിട്ടുണ്ട്. ഇവിടെയുള്ള റിക്കാർഡു റൂമിലെ സെല്ലാർ തുറക്കാനാകാത്ത സ്ഥിതിയിലാണ്. 4 വർഷങ്ങളായി പഴയ സബ്ബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം രജിസ്ട്രേഷൻ വകുപ്പ് ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുകയാണ്. |

Saradadevi (signature)

സെക്ഷൻ ഓഫീസർ.